**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.236 | 28.01.2019 ൽ മറുപടിക്ക്

**കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|
| ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പി.എച്ച്.സി.കളിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ ഒരുക്കുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ? | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 170 സ്ഥാപനങ്ങളിൽ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇതിൽ 157 സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. മറ്റു 12 ഇടങ്ങളിൽ വിവിധ സ്കീമുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം മാത്രം പ്രവർത്തനസജ്ജമാക്കുന്നതിന് സാങ്കേതികമായ തടസ്സം നേരിടുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം എന്നിവ ക്രമീകരിച്ചിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കുകയും ഔട്ട് പേഷ്യന്റ് സേവനം 6 മണി വരെ ദീർഘിപ്പിക്കൽ, നേഴ്സുമാരുടെ പ്രീചെക്കപ്പ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ആസ്മ, ശ്വാസംമുട്ടൽ എന്നിവയ്ക്കുള്ള 'ശ്വാസ് ക്ലിനിക്' മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ് ക്ലിനിക്' തുടങ്ങിയവയും പ്രവർത്തിച്ചു വരുന്നു. ഇതു കൂടാതെ ലാബ് സൗകര്യങ്ങളും ഇവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 504 സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം.മുഖേന പുരോഗമിച്ചു വരുന്നു. ഇതിലേയ്ക്കായി പ്ലാൻ ഫണ്ടിൽ നിന്ന് 203 ആരോഗ്യ സ്ഥാപനങ്ങൾക്ക് 28.55 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ബാക്കിയുള്ള ആരോഗ്യ കേന്ദ്രങ്ങൾക്കും എൻ.എച്ച്.എം.മുഖേന ഫണ്ട് വകയിരുത്തി തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ